# Weekly Devotion - February 2017

## ഒരു കൈ നിറയെ വിശ്രാമം അധികം നല്ലത്

## (One handful with tranquillity is better - Ecc:4:6)




ആകാശത്തിലെ പറവകളെ നോക്കുവീൻ ,അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല,കളപ്പുരയിൽ കൂട്ടി വയ്ക്കുന്നതും ഇല്ല . എന്നിട്ടും അവ പരസ്പരം കരുതി സന്തോഷത്തോടെ ജീവിക്കുന്നു. എത്ര വലിയ സമാധാനമാണ് സൃഷ്ടാവ് അവയ്ക്കായി കരുതിയിരിക്കുന്നത് എന്ന് ഓർത്ത് ഒരിക്കൽ ഞാൻ ദൈവത്തെ സ്തുതിച്ചു. താഴെ വീണ കുറച്ചു ചോറാണ് ആ വലിയ പാഠം എന്നെ പഠിപ്പിച്ചത്. കാക്ക തിന്നട്ടെ എന്ന് കരുതി നിലത്തു പോയ ചോറ് ഒരു കടലാസിലാക്കി മുറ്റത്തു വച്ചിട്ട് അകത്ത് കയറി. പെട്ടെന്ന് ഒരു കാക്ക പറന്നു വന്ന് ഒരു പ്രത്യേക ശബ്ദം ഉണ്ടാക്കി. കുറെ പ്രാക്കൾ വന്ന് കാക്കയോടൊപ്പം ഉള്ള ചോറ് സന്തോഷത്തോടെ കഴിച്ച് പറന്നു പോയി. മറ്റുകുറെപ്പേർ എനിക്ക് ലഭിച്ചതിൽ പങ്കാളികളായി എന്നതിന്റെ അസൂയയോ , തന്നവർക്ക് കുറെക്കൂടി തന്നാലെന്തായിരുന്നു എന്ന ചിന്തയോ ഇവയ്ക്കില്ലായിരുന്നു. പറന്നു പോകുമ്പോൾ തീർച്ചയായും അവർ തങ്ങൾക്കായി കരുതിയ ദൈവത്തിന് നന്ദി പറഞ്ഞു കാണും . അതേ ! മിണ്ടാപ്രാണികൾ കരുതുന്നവനെ അറിയും എന്നാൽ മിണ്ടാൻ കഴിവുള്ളവൻ ദാതാവിനെ അറിയുന്നില്ല. അവർക്ക് നന്ദിയുമില്ല. വളരെ ചുരുക്കം പേരുടെ വായിൽ നിന്നു മാത്രമേ നന്ദിയുടെ വാക്കുകൾ പുറപ്പെടുകയുള്ളൂ.

ഉദാഹരണമായി ലൂക്കോ : (17:12-16) വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക. യേശു പുരോഹിതൻമാർക്ക് നിങ്ങളെ തന്നെ കാണിപ്പീൻ എന്ന് പറഞ്ഞ് അയച്ച പത്ത് കുഷ്ഠരോഗികളും പോകയിൽ തന്നെ സൗഖ്യമുള്ളവരായി തീർന്നു എന്നു കാണാം. എന്നാൽ സൗഖ്യം വന്നതു കണ്ട് അവരിൽ ഒരുത്തൻ മാത്രം (ശമര്യൻ))മടങ്ങി വന്ന് അവന്റെ കാല്ക്കൽ വീണ് നന്ദി പറഞ്ഞു. കുഞ്ഞുങ്ങളേ , അവന്റെ നന്മകൾക്ക് ഓരോന്നിനും നന്ദി പറയുവാൻ മറക്കരുതേ. നന്ദി പറയുന്നവന്റെ ഉള്ളിൽ അസൂയയോ , ഞാനെന്ന ഭാവമോ ഉണ്ടാകുവാൻ പാടില്ല.

ഒരിക്കൽ പ്രാർത്ഥനയും ധ്യാനവുമായി സമാധാനത്തോടെ ജീവിച്ച ഒരു സന്യാസിയുടെ ശ്രദ്ധ തിരിക്കുവാൻ കുട്ടിപ്പിശാചുക്കൾ തീരുമാനിച്ചു. അവർ വളരെ ശ്രമിച്ചിട്ടും നടന്നില്ല എന്നറിഞ്ഞ വലിയ പിശാച് ''ഇഷം ഞാൻ ശരിയാക്കാമെന്നു'' പറഞ്ഞ് സന്യാസിയുടെ ചെവിയിൽ എന്തോ മന്ത്രിച്ചു. പെട്ടെന്ന് സന്യാസി കണ്ണ് തുറന്നു , ചാടി എഴുന്നേറ്റു, വേഗം പുറത്തേക്കോടി. ഇതെങ്ങനെ പറ്റിച്ചു എന്ന് കുട്ടിപ്പിശാചുക്കൾ ചോദിച്ചപ്പോൾ ലഭിച്ച മറുപടി ചിന്താതീതമാണ്. അദ്ദേഹത്തിന്റെ ജേഷ്ഠനും , മറ്റൊരു സന്യാസിയ്ക്കും ലഭിച്ച നന്മകളെപ്പറ്റി പറഞ്ഞത് അയാളിൽ അസൂയ ജനിപ്പിച്ചു. അതാണ് അയാൾ എഴുന്നേറ്റ് ഓടിയത് .

കുറെ നാളുകൾ സന്യാസിയെക്കുറിച്ച് ഒരു വിവരവും നാട്ടുകാർക്കറിയില്ലായിരുന്നു. നാളുകൾക്കു ശേഷം ഒരു ദിവസം പോലീസകമ്പടിയോടെ ആ നാട്ടിലെത്തിയ ഒരുവനെ നാട്ടുകാർ കണ്ടു. ചിലർ അയാളെ തിരിച്ചറിഞ്ഞു. അത് ആ പഴയ സന്യാസി ആയിരുന്നു. മറ്റുള്ളവരുടെ നന്മയിലസൂയപൂണ്ട് സമാധാനം നഷ്ടമാക്കിയവൻ പറഞ്ഞത് ശ്രദ്ധിക്കുക ''അസൂയ പെട്ടെന്ന് പണം ഉണ്ടാക്കുന്ന കുറുക്കു വഴിയിലേക്ക് എന്നെ നയിച്ചു. അതാണ് എന്റെ തകർച്ചയുടെ കാരണം'' . സഭാ:(5:10)ൽ വചനം പറയുന്നു ദ്രവ്യപ്രീയന് ദ്രവ്യംകിട്ടിയിട്ടും ഐശ്വര്യപ്രീയന് ആദായം കിട്ടിയിട്ടും തൃപ്തി വരുന്നില്ല എന്ന് കൂടാതെ സഭാ (5:12)ൽ ധനവാന്റെ സമൃദ്ധിയോ അവനെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ലഎന്നും കാണാം.സമാധാനം ഉള്ളിടത്തേ തൃപ്തിയും നിദ്രയും കടന്നു വരുകയുള്ളു. ദൈവീക സമാധാനം പ്രാപിക്കുന്നവനാണ് യഥാർത്ഥ ഭാഗ്യവാൻ.

## **Jealous attitude can ruin your life**

പല വേഷങ്ങൾ പല സമയത്ത് മാറി മാറി എടുക്കുന്നവരാണ് സിനിമയിലെ അഭിനേതാക്കൾ . രണ്ടു കയ്യും ഉപയോഗിച്ച് സമ്പാദിക്കുകയാണ് ഇവർ ചെയ്യുന്നത്. അതായത് പണമാണ് അവരുടെലക്ഷ്യം .ഇന്നു ഹിന്ദു, നാളെ മുസൽമാന്റെ വേഷം,അടുത്ത ദിവസം പുരോഹിതൻ . ഇതിനും



പുറമേ കള്ളനോ, പോലീസോ, ഡോക്ടറോ ഏതും മടി കൂടാതെ ചെയ്യും. എന്തും , ഏതും അവർക്കു വഴങ്ങും അതിനുപരി സമ്പന്നരുമാണ്. ഒരു ചോദ്യം അവരെ മൗനികളാക്കും, സമാധാനമുണ്ടോ എന്ന ചോദ്യത്തിന് . പണത്തിനാലാകൃഷ്ടരാകുന്ന കുഞ്ഞുങ്ങളെ നിങ്ങളും സമാധാനമില്ലാത്തവരാകുമെന്ന് മറന്നു പോകരുത്. ഒരിക്കലായി ദൈവം തന്ന ജീവിതത്തെ നഷ്ടമാക്കി എന്നൊരു കുറ്റബോധം വരാതെയിരിപ്പാൻ സൂക്ഷിക്കുക. അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായമാകുന്നു. പണം നമുക്കാവശ്യമാണ് എന്നാൽ നമ്മുടെ ജീവിതം പണത്തോടുള്ള ആർത്തിയായി മാറിയാൽ പണം നമ്മെ പിണമാക്കി മാറ്റും.

കുഞ്ഞുങ്ങളെ ! സമാധാനവും സന്തോഷവും ലഭ്യമാകാൻ ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുക. പണത്തിന്റെയും , സമയത്തിന്റെയും ദശാംശം ദൈവത്തിനു നൽകുക. ഈ ഭൂമിയിലെ സന്തോഷങ്ങൾ , പണം ഇവ നമ്മുടെ നിത്യത നഷ്ടമാക്കുവാൻ അനുവദിക്കരുത്. ദൈവമക്കളായിത്തീരുവാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പ്രാർത്ഥന

പ്രിയ യേശുവേ ! പാപബോധം തന്ന് ഞങ്ങളെ വഴി നടത്തുന്നതിനായി നന്ദി. യഹോവയോടുള്ള ബന്ധത്തിന് തടസ്സമാകുന്ന എല്ലാ സ്വഭാവ വൈകല്യങ്ങളും ഉപേക്ഷിപ്പാൻ കൃപ തരേണമേ. മറ്റുള്ളവരോട് അസൂയയോ, വിദ്വേഷമോ ഉണ്ടാകാതെ , അവരുമായി സമാധാനത്തിൽ ജീവിപ്പാൻ സഹായിക്കേണമേ.

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind